**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 586 13.01.2021-ലെ മറുപടിയ്ക്ക്

**മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ.രാജേഷ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 3.00 കോടി രൂപ അടങ്കലായും 60 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിലും അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി സ്പോർട്സ് എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി), (സി) & (ഡി) | 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, കായികയുവജനകാര്യാലയം എന്നീ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടത്തിൽ എല്ലാം വകുപ്പുകളുടെയും സ്പോർട്സ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി തയ്യാറാക്കുകയും ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്തുവരുന്നു. താമരക്കുളം സ്റ്റേഡിയത്തിന്റെ ഡി.പി.ആർ |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**